പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: 4934

21.10.2011-ൽ മറുപടിക്ക്

## 'റിയാബ്' (RIAB) ൻെറ പ്രവർത്തനം കാര്യക്ഷമമാക്കാൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.ഡൊമിനിക് പ്രസൻേറഷൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) 'റിയാബ്' (RIAB) ൻെറ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; | (എ) 1990-ൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇൻേറണൽ ഓഡിറ്റ് നടത്തുന്നതിനായി സർക്കാർ ഇൻേറണൽ ഓഡിറ്റ് ബോർഡ് രൂപീകരിച്ചു. തുടർന്ന് പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഈ സ്ഥാപനത്തെ പൊതുമേഖലാ വ്യവസായ പുന:സംഘടനാ ബോർഡായി (Public Sector Restructuring & Internal Audit Board (RIAB) പുനർ രൂപീകരിച്ചു. റിയാബിൽ നിക്ഷിപ്തമായിരിക്കുന്നതും, ചെയ്യുതുമായ ഉത്തരവാദിത്വങ്ങൾ താഴെ പറയുന്നു.<br><br>പൊതുമേഖലാ സ്ഥാപനങ്ങൾ സർക്കാരിലേയ്ക്ക് സമർപ്പിക്കുന്ന പ്രൊപ്പോസലുകളുടെ അവലോകനം നടത്തുക.<br><br>പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സർക്കാരിൽ നിന്നും മറ്റുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ധനം ലഭ്യമാക്കുന്നതിനും അവയുടെ വിനിയോഗം ഉറപ്പുവരുത്തുന്നതിനുമുള്ള ചുമതലകൾ നിർവ്വഹിക്കുക.<br><br>റിയാബ് മുഖേന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓരോ വർഷത്തേയും പ്രവർത്തനം സംബന്ധിച്ച് ബജറ്റും പദ്ധതിയും നേരത്തെ തയ്യാറാക്കുന്നു. അത് കൈവരിക്കുന്നതിൻെറ പുരോഗതി മാസാമാസം അവലോകനം നടത്തുക. |

സർക്കാർ ആവശ്യപ്പെടുന്നതനുസരിച്ച് കമ്പനികളിൽ വിവിധ തലത്തിൽ അന്വേഷണങ്ങൾ നടത്തുക.

Chartered Accountants- ൻെറ പാനൽ ഉപയോഗിച്ച് സ്ഥാപനങ്ങളിൽ Performance Audit - കൾ നടത്തുക. Internal Audit സംവിധാനം മെച്ചപ്പെടുത്തുക.

പൊതുമേഖലാ സ്ഥാപനങ്ങളിൽ മാനവശേഷി കാര്യക്ഷമമാക്കത്തക്ക വിധത്തിലുള്ള പരിശീലനപരിപാടികൾ RIAB ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇത് ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും, ചീഫ് എക്സിക്യൂട്ടീവ്സിനും മറ്റ് ഉദ്യോഗസ്ഥർക്കും, ജീവനക്കാർക്കും പ്രയോജനപ്പെട്ടിട്ടുണ്ട്.

കമ്പനികളുടെ ചീഫ് എക്സിക്യൂട്ടീവ്സിനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

മികച്ച പൊതുമേഖലാ സ്ഥാപനത്തിനെയും മികച്ച Chief Executive Officer- നെയും തെരഞ്ഞെടുത്ത് അവാർഡുകൾ നൽകുക.

പ്രവർത്തനം നിലച്ചുകിടക്കുന്ന സ്ഥാപനങ്ങളെ ലിക്വിഡേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി ദേശീയ അന്തർദേശീയതലത്തിൽ വ്യാപിപ്പിക്കുവാനുള്ള ഉദ്ദേശ്യത്തോടുകൂടി "Resurgence" എന്ന പേരിൽ ഒരു quarterly news letter പ്രസിദ്ധീകരിക്കുന്നതിനുള്ള ചുമതലയും റിയാബിനാണ്.

റിയാബിൻെറ ഈ മേഖലയിലെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ കണക്കിലെടുത്ത് ഇപ്പോൾ നിർവ്വഹിച്ചുവരുന്നതുൾപ്പെടെ കൂടുതൽ ചുമതലകൾകൂടി ഉൾപ്പെടുത്തി ചുവടെ ചേർത്തിരിക്കുന്ന 4 തരത്തിൽ ക്രോഡീകരിച്ച് ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനുമായി കേന്ദ്ര പൊതുമേഖലാ

സ്ഥാപനങ്ങളിൽ എന്ന പോലെ MoU System പ്രാബല്യത്തിൽ വരുത്തേണ്ടതുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി മാസം തോറുമുള്ള പ്രവർത്തന അവലോകനം ശക്തിപ്പെടുത്തി.

പൊതുമേഖലാ സ്ഥാപനങ്ങളുടെ സാമൂഹിക പ്രതിബദ്ധത പ്രവർത്തനങ്ങളുടെ രൂപീകരണവും, പ്രവർത്തന അവലോകനവും നടത്തുക.

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ മികച്ച പൊതുമേഖലാ സ്ഥാപനത്തിനെയും, മികച്ച Chief Executive Officer-നെയും തെരഞ്ഞെടുത്ത് അവാർഡുകൾ നൽകുന്നത് സംബന്ധിച്ചുള്ള നടപടിക്രമങ്ങളുടെ ചുമതല.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രോജക്ടുകളുടെയും ധനസഹായത്തിനുമുള്ള അപേക്ഷകളുടെ ശുപാർശ സർക്കാരിലേയ്ക്ക് നൽകുക.

പൊതുമേഖലാ സ്ഥാപനങ്ങൾ തമ്മിലുള്ളതും സർക്കാർ തലത്തിലുള്ളതുമായ നിക്ഷേപങ്ങളുടെ നിരീക്ഷണം.

സർക്കാരിന്റെ e-governance/e-procurement പരിപാടിയുടെ അടിസ്ഥാനത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ അവലോകനത്തിനായി ഇന്റർനെറ്റ് അധിഷ്ഠിത സംവിധാനം ഏർപ്പെടുത്തൽ.

വരും വർഷങ്ങളിൽ പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും കൂടുതൽ ജീവനക്കാർ വിരമിക്കാൻ സാധ്യതയുള്ളതിനാൽ ആ ഒഴിവുകൾ നികത്തുന്നതിനും അവർക്കായുള്ള പരിശീലന പരിപാടികൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

കമ്പനികളുടെ ബോർഡ് തലത്തിലും സീനിയർ മാനേജ്മെൻറ് തലത്തിലുമുള്ള ഉദ്യോഗസ്ഥരുടെ നിയമനനടപടികളുടെ ഉത്തരവാദിത്വം.

ദേശീയവും അന്തർദേശീയവുമായ ഏജൻസികളുമായി ചേർന്ന് പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനവവിഭവശേഷി കാര്യക്ഷമമാക്കത്തക്കവിധത്തിലുള്ള പരിശീലന പരിപാടികൾ നടപ്പിലാക്കുക.

വ്യവസായ വകുപ്പിനാവശ്യമായ പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരങ്ങളും ആവശ്യപ്പെടുന്ന വിഷയങ്ങളിൽ തീരുമാനമെടുക്കുന്നതിനുള്ള നിർദ്ദേശങ്ങളും നൽകുക.

കമ്പനികളുടെ പുനരുദ്ധാരണത്തിനുവേണ്ട സഹായം നൽകുക.

(ബി) പൊതുമേഖലാ സ്ഥാപനങ്ങളിൽ ചീഫ് എക്സിക്യൂട്ടീവ്മാരേയും ഉയർന്ന ഉദ്യോഗസ്ഥരെയും നിയമിക്കാനുള്ള കേന്ദ്രീകൃത സംവിധാനം റിയാബിൽ ഏർപ്പെടുത്തുമോ;

(ബി) വ്യവസായ വകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ചീഫ് എക്സിക്യൂട്ടീവ്നെ നിയമിക്കുന്നതിനായി ഒരു സെലക്ഷൻ കമ്മിറ്റി വകുപ്പ് തലത്തിൽ നിലവിലുണ്ട്. ഇതിനാവശ്യമായ നടപടിക്രമങ്ങൾ പാലിക്കുന്നതിനായി റിയാബിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

(സി) അന്യ സംസ്ഥാനങ്ങളിലും അന്തർദേശീയ തലത്തിലും പൊതുമേഖലയുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുമായി സഹകരിച്ച് റിയാബിൻെറ പ്രവർത്തനം ശക്തിപ്പെടുത്താൻ ശ്രമിക്കുമോ?

(സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി ദേശീയ അന്തർദേശീയ തലത്തിൽ വ്യാപിപ്പിക്കുവാനുള്ള ഉദ്ദേശ്യത്തോടുകൂടി ഒരു അന്തർദേശീയ സെമിനാർ ദേശീയ-അന്തർദേശീയ തലത്തിൽ ഈ മേഖലയിൽ വൈദഗ്ദ്ധ്യമുള്ളവരെ പങ്കെടുപ്പിച്ചുകൊണ്ട് കഴിഞ്ഞവർഷം നടത്തുകയുണ്ടായി. ഇതിൻെറ അടിസ്ഥാനത്തിൽ ദേശീയ-അന്തർദേശീയ തലത്തിൽ പൊതുമേഖലയുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തനം ശക്തിപ്പെടുത്തുന്നതാണ്.

സെക്ഷൻ ഓഫീസർ